*പത്രക്കുറിപ്പ്* *09.08.2017*

## മെലഡിയുടെ മണിനാദം തീർത്ത്
## ആർട്സ് ആൻഡ് മെഡിസിൻ

കൊച്ചി: മലയാളി ഒരിക്കലും മറക്കാത്ത ഗാനങ്ങളുടെ പുനരാവിഷ്കരവുമായി ആർട്സ് ആൻഡ് മെഡിസിൻ സംഗീത സാന്ത്വന പരിപാടിയുടെ പുതിയ ലക്കം എറണാകുളം ജനറൽ ആശുപത്രിയിൽ അരങ്ങേറി.

എറണാകുളം ജനറലാശുപത്രിയിലെ അർബുദ രോഗവിദഗ്ധൻ ഡോ ബാലമുരളി, സംഗീത നായർ, ആർട്സ് ആൻഡ് മെഡിസിനിലെ സ്ഥിരം സാന്നിദ്ധ്യമായ യഹിയ അസീസ് എന്നിവരാണ് പരിപാടി അവതരിപ്പിച്ചത്.

മെലഡി ഗാനങ്ങൾക്ക് ഏറെ പ്രസിദ്ധമായ ആർട്സ് ആൻഡ് മെഡിസിന്റെ 182-ാം ലക്കമാണ് ഇന്നലെ നടന്നത്. കൊച്ചി ബിനാലെ ഫൗണ്ടേഷൻ, മെഹ്ബൂബ് മെമ്മോറിയൽ ഓർക്കസ്ട്ര, കാസിനോ എയർ കേറ്ററേഴ്സ് ആൻഡ് ഫ്ളൈറ്റ് സർവീസസ് എന്നിവ സംയുക്തമായാണ് ഈ പരിപാടി അവതരിപ്പിച്ചു വരുന്നത്.

ധ്വനിയിലെ 'ജാനകീ ജാനേ' എന്ന ഗാനത്തോടെ സംഗീതയാണ് ആലാപനത്തിന തുടക്കമിട്ടത്. രണ്ട് യുഗ്മ ഗാനങ്ങളോടെ 9 പാട്ടുകൾ സംഗീത ആലപിച്ചു. പി ജയചന്ദ്രൻ അനശ്വരമാക്കിയ 'നിൻ മണിയറയിലെ', എന്ന ഗാനമാണ് ഡോ ബാലമുരളി ആലപിച്ചത്. 'ഏതോ വാർമുകിലിൻ' 'ഏഴ് സുന്ദര രാത്രികൾ', തിരുവോണ പുലരി തൻ', പുലയനാർ മണിയമ്മ', തങ്കത്തോണി', ആപ് കി നസരോം നെ സംഝാ', ഗോപികേ നിൻ വിരൽ' എന്നീ ഗാനങ്ങളാണ് സംഗീത പാടിയത്. കൂടാതെ യഹിയ അസീസിനൊപ്പം കല്യാണ തേൻ നിലാ', തെരെ ബിനാ സിന്ദഗി സെ കോയി', എന്നീ യുഗ്മ ഗാനങ്ങളും അവർ അവതരിപ്പിച്ചു. അമ്മാ എൻ', വീണ പൂവെ', ശങ്കരാ നാദശരീരാ പരാ' എന്നീ ഗാനങ്ങളാണ് യഹിയ അവതരിപ്പിച്ചത്.

ബാങ്കിംഗ് മേഖലയിൽ ജോലി ചെയ്യുന്ന സംഗീത നായർ എറണാകുളത്ത് പാലാരിവട്ടത്താണ് താമസം. കഴിഞ്ഞ രണ്ട് വർഷങ്ങൾ പൂർണമായും സംഗീതത്തിനായി നീക്കി വച്ചിരിക്കുകയാണ്. ടിവി ചാനലുകളിലെ സ്ഥിരം സാന്നിദ്ധ്യമായ അവർ സംഗീത ആൽബം ഒരുക്കുന്നതിന്റെ തിരക്കിലാണ്.

*1/1903, Kunnumpuram, Fort Kochi, Kerala –682 001, India. Tel: +91 484 2215287, +91 484 2215297(Fax) Email: info@kochimuzirisbiennale.org*
*kochimuzirisbiennale.org*